പുനസ്സംഘടനാകമ്മിറ്റി റിപ്പോർട്ട്.

* 256. [32] ശ്രീ. ഇടിക്കുള ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ഓൺഡ് വില്ലേജ് പുനസ്സംഘടനാകമ്മിറ്റി, റിപ്പോർട്ട് ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചുകഴിഞ്ഞുവോ ;

(ബി) പുതുതായി എത്ര താലൂക്കുകൾകൂടി രൂപവൽക്കരിക്കേണ്ടതാണെന്നാണ് കമ്മിറ്റി ഏകാഭിപ്രായമായി ശുപാർശ ചെയ്തിരിക്കുന്നത് ;

(സി) റാന്നി ഒരു താലൂക്കായി തൽക്കാലം ഉയർത്തേണ്ടതില്ലെന്നു കമ്മിറ്റിക്കാരിൽ ചിലർ അവസാനകമ്മിറ്റിയോഗത്തിൽ അഭിപ്രായം രേഖപ്പെടുത്തുവാൻ അവർ ഉന്നയിച്ചിരിക്കുന്ന കാരണങ്ങൾ എന്തൊണെന്നു പറയുവാൻ ദയവുണ്ടാകുമോ ;

(ഡി) റാന്നി ഒരു താലൂക്കാക്കി ഉയർത്തേണ്ടതാണെന്നു എത്ര കമ്മിറ്റിയംഗങ്ങൾ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട് ;

(ഇ) അങ്ങനെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ള കമ്മിറ്റിയംഗങ്ങളുടെ പേരു പറയുവാൻ ദയവുണ്ടാകുമോ ;

(എഫ്) റാന്നി താലൂക്കായി ഉയർത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്ന കമ്മിറ്റിയംഗങ്ങൾ അതിലേയ്ക്ക് എണ്ണ ന്യായങ്ങളാണ് ഉന്നയിച്ചിരിക്കുന്നതെന്നും പറയുവാൻ ദയവുണ്ടാകുമോ ;

(ജി) റാന്നി പകുതിയുടെ വിസ്തീർണ്ണം എത്രയെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ആഭ്യന്തരകായ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സമർപ്പിച്ചുകഴിഞ്ഞു.

(ബി, സി, ഡി, ഇ, എഫ്) റിപ്പോർട്ട് ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുന്നതിനാൽ അതിലെ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

(ജി) 92.50 ചതുരശ്രമൈൽ.

ജയിൽ പരിഷ്കരണം.

* 257. [33] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ പരിഷ്കരണകമ്മിറ്റിയുടെ ശുപാർശകൾ ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ഇതിനകം എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

(സി) പ്രത്യേക പരിശീലനത്തിനു് ഇംഗ്ലണ്ടിൽ പോയിരുന്ന ഐ. ജി. ആഫ് പ്രിസൺസ് ജയിൽ പരിഷ്കരണം, തടവുകാരോടുള്ള പെരുമാറ്റം തുടങ്ങിയവ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവണ്മെൻറിനു നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ അവയെക്കുറിച്ചുള്ള ഗവണ്മെൻറിന്റെ നയം എന്താണ് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ശുപാർശകൾ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) ആ നിർദ്ദേശങ്ങളെ ആസ്പദമാക്കിയാണ് നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ആലുവാ, എറണാകുളം, മട്ടാഞ്ചേരി, ഇരിഞ്ഞാലക്കുട എന്നീ സ്ഥലങ്ങളിൽ 'എ' ക്ലാസ്സ് സബ്ജയിലുകൾ തുറന്നിട്ടുള്ളത്. മീനച്ചിൽ സബ്ജയിൽ ഈ സാമ്പത്തികവർഷം തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ തൃശ്ശൂർ സബ്ജയിൽ നിർത്തുകയും അതു വിയ്യൂർ സെൻട്രൽ ജയിലിന്റെ ഒരു പ്രത്യേക ബ്ലാക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു. ജയിൽവാസാനന്തരം പുറത്തു വരുന്നവരുടെ ഉന്നത്തിനുവേണ്ടി 'ആഫ്ട്ടർ കെയർ അസ്സോസിയേഷൻ' രൂപീകരിക്കപ്പെട്ടു: നിക്കറിനും കവിത വരയുള്ള ഷർട്ടിനും പകരം വെളുത്ത മുണ്ടും ഷർട്ടും തടവുകാർക്കു കൊടുക്കുവാൻ ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അവ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

പഞ്ചായത്തുകൾ.

* 258. [34] ശ്രീ. പി. നാരായണൻ പോറ്റി : തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴുള്ള പഞ്ചായത്തുകളുടെ കാലാവധി എന്നവസാനിക്കും ;

(ബി) അടുത്ത പഞ്ചായത്തു തിരഞ്ഞെടുപ്പുകൾ എന്നു നടത്താനാണ് ഗവണ്മെൻറുദ്ദേശിക്കുന്നത് ;

(സി) ഇപ്പോൾ പഞ്ചായത്തു പ്രവർത്തനം വ്യാപിച്ചിട്ടില്ലാത്ത സ്ഥലങ്ങൾ ഈ സ്റ്റേറിലുണ്ടെങ്കിൽ അടുത്ത തിരഞ്ഞെടുപ്പ് ആകുമ്പോഴേക്കും അവിടെ കൂടി പഞ്ചായത്തുകൾറിന്റെ വ്യാപ്തി പ്രാബല്യത്തിൽ വരുത്തുവാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി. (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇപ്പോഴുള്ള പഞ്ചായത്തുകളുടെ കാലാവധി 1956 ജൂലായ് 5-ാംതീയതി അവസാനിക്കുന്നതാണ്.

(ബി) അടുത്ത പഞ്ചായത്തു തിരഞ്ഞെടുപ്പ് എന്നു നടത്തണമെന്നകാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

(സി) നേരത്തെയുള്ള പ്രസിദ്ധീകരണമനുസരിച്ച് ഇപ്പോൾ പഞ്ചായത്തു പ്രവർത്തനം വ്യാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ അടുത്ത പഞ്ചാ

LIBRARY ARCHIVES Kerala Legislative Assembly